**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - 1 ആയും, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - 2 ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

# പട്ടികജാതി വികസന വകുപ്പ്

**പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾ**

1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി.
2. സ്പിൽ ഓവർ ഭവനങ്ങളുടെയും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെയും പൂർത്തീകരണവും പഠനമുറകളുടെ നിർമ്മാണവും.
3. പട്ടികവിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ.
4. ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി.
5. പട്ടികജാതി ഉപപദ്ധതികളിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫണ്ട്.
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും.
7. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവ് നികത്തൽ പദ്ധതി).
8. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ഓഹരി മൂലധന വിഹിതം.
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.
10. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്.
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം.
12. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം – പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ.
13. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം.
14. വാത്സല്യ നിധി.
15. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്.
16. പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം സംസ്ഥാന വിഹിതം)
17. ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതി.
18. ആരോഗ്യ സംരക്ഷണ പരിപാടി.
19. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം.

**100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

1. പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ ടു എസ്.സി.എസ്.പി)
2. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പുകൾ.
3. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ.
4. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന.
5. ഒമ്പതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.
6. ശുചീകരണത്തിലും ആരോഗ്യശോഷണത്തിന് സാധ്യതയുള്ളതുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.
7. പ്രധാൻമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ)

**മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ**

1. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്ര വിഹിതം)
2. പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

# പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗക്കാരുടെ സമഗ്ര പുരോഗതിക്കായി വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം, സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകളിൽ ഉൾപ്പെടുത്തി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

**എ) വിദ്യാഭ്യാസ രംഗം**

- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നു.
- വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും ദുർഘട പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ അനുവദിക്കുന്നതിനുമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നു.
- പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് നഴ്സറി സ്കൂളുകൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, പെരിപതറ്റിക് ക്രേന്ദങ്ങൾ എന്നിവ നടത്തി വരുന്നു.
- വ്യവസായിക പരിശീലന ക്രേന്ദങ്ങളും ഉത്പാദന പരിശീലന കേന്ദ്രങ്ങളും നടത്തി വരുന്നു.
- പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ്.
- എസ്.എസ്.എൽ.സി./+2 തോറ്റ വിദ്യാർത്ഥികൾക്കും റഗുലർ വിദ്യാർത്ഥികൾക്കും ട്യൂട്ടോറിയലുകളിൽ ചേർന്ന് പഠിക്കുന്നതിന് ധനസഹായം.
- കോളേജ് വിദ്യാർത്ഥികൾക്ക് പഠന വിനോദ യാത്രകൾക്ക് ധനസഹായം നൽകുന്നതോടൊപ്പം പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്ക് ഭാരത ദർശനൻ പരിപാടിയും.
- 75 ശതമാനത്തിലധികം വരുമാനമുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള പ്രത്യേക ഇൻസെന്റീവ്.
- വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനികളിൽ സാമൂഹ്യ പഠന മുറി.
- ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനും ഗോത്ര ഭാഷയിൽ അധ്യയനം സാധ്യമാക്കുന്ന തിനുമായി ഗോത്ര ബന്ധു മെന്റർ ടീച്ചർമാരുടെ നിയമനം.
- ഉന്നത പഠനത്തിന് ലാപ് ടോപ്.
- വിദേശ പഠനത്തിന് ധനസഹായം.

**2. ആരോഗ്യ രംഗം**

- എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്ററുകളിലും ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ മുതലായ ഉന്നത ചികിത്സാ ക്രേന്ദങ്ങളിൽ ചികിത്സാ സൗകര്യം.
- പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ചികിത്സാസഹായം, ചികിത്സാ അനുബന്ധ ചെലവുകൾ, മരണാനന്തര ചെലവുകൾ എന്നിവയ്ക്കായി ജില്ലാതലത്തിൽ 5000/- രൂപ വരെയും ഡയറക്ടർ തലത്തിൽ 10,000/- രൂപ വരെയും അതിനുമുകളിൽ സർക്കാർ തലത്തിലും ധനസഹായം
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകൾ, ആംബുലൻസ് സേവനങ്ങൾ

- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും നവജാത ശിശുക്കളുടെയും പരിചരണത്തിനായി ജനനിജന്മരക്ഷ.

**<u>3) അടിസ്ഥാന സൗകര്യ വികസനം</u>**

- പിന്നാക്കം നിൽക്കുന്ന കോളനികളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി.
- അടിസ്ഥാന സൗകര്യ വികസനം, ശുചിത്വം, ജീവനോപാധി എന്നിവയ്ക്കായി കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള വികസന പദ്ധതികൾ.
- വീടുകളുടെ അറ്റകുറ്റ പണികൾക്ക് ധനസഹായം.
- ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗക്കാർക്കായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി..
- വിവിധ പദ്ധതികളിലൂടെ ഭൂമിയും പുനരധിവാസവും ലക്ഷ്യമിടുന്നതിനായി ആദിവാസി പുനരധിവാസ വികസന മിഷൻ.

**<u>4) സാമൂഹ്യ സുരക്ഷാ പദ്ധതികൾ</u>**

- പ്രത്യേക ദുർബല വിഭാഗക്കാർക്കും വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്കുമായി പ്രത്യേക പാക്കേജ്.
- പഞ്ഞ (മൺസൂൺ) മാസങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്ന ഭക്ഷ്യസുരക്ഷാ പദ്ധതി.
- മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത കുട്ടികൾക്ക് കൈത്താങ്ങ് പദ്ധതി.
- നിർധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.
- പട്ടികവർഗ്ഗ പ്രമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സേവനം.
- മിശ്രവിവാഹം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം.

സെക്ഷൻ ഓഫീസർ